LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. ഇത് തിരുവനന്തപുരം പട്ടം പോലീസ് ടെലികമ്മ്യൂണിക്കേഷൻ ബിൽഡിംഗിൽ പ്രവർത്തിച്ചുവരുന്നു.

(ബി) 200 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 18 വയസ്സിൽത്താഴെയുള്ള കുട്ടികളാരും കേസിൽ ഉൾപ്പെട്ടിട്ടില്ല.

സൈബർ തട്ടിപ്പുകൾ

134 (4469) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പലതരം തട്ടിപ്പുകൾക്കും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം തട്ടിപ്പുകൾ ഫലപ്രദമായി കണ്ടെത്തുവാൻ നിലവിലുള്ള പോലീസ് സംവിധാനങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സൈബർ തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത് ;

(ഡി) സൈബർ തട്ടിപ്പുകൾ തടയുന്നതിനായി പോലീസിന്റെ ഇന്റലിജൻസ് സംവിധാനം പരിഷ്കരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ ക്രൈംബ്രാഞ്ച് മേധാവിയുടെയും ഓർഗനൈസ്ഡ് ക്രൈം വിംഗ്-1-ന്റെ പോലീസ് സൂപ്രണ്ടിന്റെയും മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കൂടുതൽ സാങ്കേതികവിദ്യ ആവശ്യമുള്ള ഇന്റർനെറ്റ് മുഖേനയുള്ള തട്ടിപ്പുകേസുകൾ അന്വേഷിച്ചുവരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളിലും മറ്റും രജിസ്റ്റർ ചെയ്യപ്പെടുന്ന ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിയുള്ള തട്ടിപ്പ് കേസുകൾ അതാത് ജില്ലാ സൈബർ സെല്ലുകളുടെ സഹായത്തോടെ അന്വേഷണം നടത്തിയുംവരുന്നു.

(സി) രജിസ്റ്റർ ചെയ്യപ്പെടുന്ന ഇത്തരം കേസുകളിൽ അടിയന്തരമായി അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യും തട്ടിപ്പിന്റെ വിവിധ സാദ്ധ്യതകളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും, മറ്റും പ്രചാരം നടത്തിയും സ്കൂളുകളിൽ സന്നദ്ധ സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ മുഖേന സൈബർ അവബോധ ക്ലാസുകൾ സംഘടിപ്പിച്ചും തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഇന്റലിജൻസ് സംവിധാനം പര്യാപ്തമാണ്.

കൊച്ചി കേന്ദ്രമാക്കി അനാശാസ്യ പ്രവർത്തനങ്ങൾ

135 (4470) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കേന്ദ്രമായി ഭാര്യ-ഭർത്തൃ വച്ചുമാറൽ വ്യാപകമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഫേസ് ബുക്കിലൂടെയാണ് സമാന ചിന്താഗതിയുള്ള ഇത്തരക്കാരുടെ പ്രവർത്തനം നടക്കുന്നത് എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തെല്ലാം നിയമനടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

സൈബർ കുറ്റകൃത്യങ്ങൾ

136 (4471) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly